LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രി 23-1-2014-ലും 16-10-2014-ലും കേന്ദ്രസർക്കാരിന് കത്ത് നൽകിയിരുന്നു. എന്നാൽ ഇതിനുള്ള മറുപടിയായി പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കുന്നതിന് ഇടുക്കി പാക്കേജിന്റെ കാലാവധി ദീർഘിപ്പിക്കാത്തത് തടസ്സമാവില്ലായെന്നും കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തുടർന്നും ആർ.കെ.വി.വൈ പോലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണെന്നും ബഹു. കേന്ദ്രകൃഷി മന്ത്രി 13-11-2014-ൽ ബഹു. മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

റബ്ബർ വിലയിടിവ് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ

151 (T4188) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ വിലയിടിവ് പരിഹരിക്കുന്നതിനും റബ്ബർ കൃഷിക്കാരെ സഹായിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ടയർ കമ്പനികളാണ് സർക്കാരുമായി ചർച്ച ചെയ്യുന്നതിന് സന്നദ്ധമായി വന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ടയർ കമ്പനികൾ ഓരോന്നും എത്ര ടൺ റബ്ബർ വാങ്ങുമെന്നാണ് വാഗ്ദാനം നൽകിയതെന്നും അവർ ഓഫർ ചെയ്ത വിലയെത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നിന്ന സാഹചര്യത്തിൽ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും കർഷകരെ സഹായിക്കുന്നതിനുമാണ് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 56/2014/കൃഷി, തീയതി 25-2-2014 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. ഒന്നാംഘട്ട റബ്ബർ സംഭരണത്തിൽ സംഭരണ ഏജൻസികൾക്ക് കിലോഗ്രാമിന് 6 രൂപ കൈകാര്യചെലവ് അനുവദിക്കുന്നതിനായി സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത പരമാവധി 6 കോടി രൂപയിൽ പരിമിത പ്പെടുത്തികൊണ്ട് കൃഷി, സഹകരണ വകപ്പുകൾ 2:1 എന്ന അനുപാതത്തിൽ തുക കണ്ടെത്തുകയും കൃഷി വകപ്പിന്റെ വിഹിതമായ 4 കോടി രൂപ, വിലസ്ഥിരതയ്ക്കു വേണ്ടി വിപണി ഇടപെടൽ എന്ന ശീർഷകത്തിൽനിന്നും 2013-14-ൽതന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽനിന്നും കിലോഗ്രാമിന് 2 രൂപ കൂടുതൽ

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

നൽകി ആർ.എസ്.എസ്.-4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ സ.ഉ.(എംഎസ്.) നമ്പർ 232/2014/കൃഷി തീയതി 13-10-2014 പ്രകാരം ആർ.എസ്.എസ്.-5 ഗ്രേഡിലുള്ള റബ്ബറും കർഷകരിൽനിന്നും സംഭരണം നടത്തുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. തുടർന്ന് സ.ഉ.(എംഎസ്.) നമ്പർ 254/2014/കൃഷി തീയതി 6-11-2014 പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽനിന്നും കിലോഗ്രാമിന് 5 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്.-4, ആർ.എസ്.എസ്.-5 ഗ്രേഡിലുള്ള റബ്ബർ സംഭരണത്തിന് ഉത്തരവായിട്ടുണ്ട്.

പദ്ധതിയുടെ ആരംഭഘട്ടത്തിൽ 138.96 ടൺ റബ്ബറാണ് മാർക്കറ്റ്ഫെഡും റബ്ബർമാർക്കും സംഭരണം നടത്തിയത്. തുടർന്ന് സംഭരണ ഏജൻസികൾക്കുള്ള പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് റബ്ബർ സംഭരണം അടിയന്തരമായി പുനരാരംഭിക്കുന്നതിനായി സ.ഉ.(എംഎസ്.) നമ്പർ 176/2014/കൃഷി, തീയതി 16-8-2014 പ്രകാരം 10 കോടി രൂപ 'വില സ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി' പ്രകാരം അധികമായി അനുവദിച്ചുകൊണ്ട് 5 കോടി രൂപവീതം സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും റബ്ബർമാർക്കിനും അനുവദിച്ചുനൽകുകയും റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 304/2014/കൃഷി, തീയതി 15-12-2014 പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോഗ്രാമിന് 6 രൂപ നിരക്കിൽ നൽകുന്ന കൈകാര്യചെലവ് 9 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 2015-16-ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സ.ഉ.(എംഎസ്.)41/15/കൃഷി തീയതി 11-3-2015 പ്രകാരം കൃഷി വകുപ്പിന്റെ വിലസ്ഥിരതയ്ക്ക്വേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം ഒരു കോടിരൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും റബ്ബർമാർക്കിനും അനുവദിച്ചുനൽകിയിട്ടുണ്ട്. 2014 ഡിസംബർ വരെ റബ്ബർമാർക്കും മാർക്കറ്റ്ഫെഡും 1227.32 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിചുങ്കം 20 ശതമാനമോ കിലോഗ്രാമിന് 30 രൂപയോ ഏതാണോകുറവ് എന്നത് ഉയർത്തികൊണ്ട് 25 ശതമാനമോ കിലോഗ്രാമിന് 30 രൂപയോ ഏതാണോകുറവ് എന്ന നിരക്ക് കേന്ദ്രസർക്കാർ തീരുമാനമായിട്ടുണ്ട്.

ഇപ്പോൾ റബ്ബർ കർഷകർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതിനായി 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 300 കോടി രൂപയുള്ള റബ്ബർ ഉല്പാദന ഉത്തേജന

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് [സ.ഉ.(പി) നമ്പർ 269/2015/ഫിൻ, തീയതി 3-7-2015] പുറപ്പെടുവിച്ചിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോഗ്രാമിന് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നതാണ്. പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിക്ക് സബ്സിഡി ലഭിക്കുന്നു. RSS-4, RSS-5 ഗ്രേഡിനും സബ്സിഡി അനുവദിക്കുന്നതാണ്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

കാർഷിക നയം

152 (4190) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) കാർഷിക നയം നടപ്പാക്കുന്നതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ?

ഉത്തരം

(എ) കാർഷിക നയത്തിന് സർക്കാർ 28-3-2015 സ.ഉ.(പി) 59/15 കൃഷി പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കൃഷി ഭൂമി പരമാവധി ഉപയോഗപ്പെടുത്തി കാർഷികവൃത്തിയിൽനിന്ന് വരുമാനം ഉറപ്പാക്കുക, കർഷകർക്കും കർഷകത്തൊഴിലാളികൾക്കും മാന്യത ഉറപ്പാക്കുക, കൃഷി ഭൂമിയുടെ സുസ്ഥിരസംരക്ഷണം ഉറപ്പാക്കുക, കൃഷിയും പരിസ്ഥിതി സംരക്ഷണവും നിലനിർത്തുക, കാർഷിക ഗവേഷണങ്ങൾ കൂടുതൽ കർഷകർക്ക് പ്രയോജനകരമാക്കുക, യുവതലമുറയെ കൃഷിയിലേക്കാകർഷിക്കുക തുടങ്ങിയ വിവിധ ലക്ഷ്യങ്ങളാണ് കാർഷിക വികസന നയം നടപ്പാക്കുന്നതുവഴി കൈവരിക്കുവാൻ ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly